ഉത്തരം

(എ) ഇല്ല. പോലീസ് എയിഡ് പോസ്റ്റുകൾ സ്ഥാപിച്ചതിനു ശേഷം അട്ടിമറിയുടെ പേരിൽ ചുമട്ടു തൊഴിലാളികളിൽനിന്നും പൊതു ജനങ്ങൾക്കു ഉണ്ടായിക്കൊണ്ടിരുന്ന ശല്യം ഫലപ്രദമായി തടയാൻ സാധിച്ചിട്ടുണ്ട്.

(ബി) & (സി) അട്ടിമറിക്കാരുടെ സമരം കാരണം തിരുവനന്തപുരം വാട്ടർ വർക്സിലെ പൈപ്പ് ലൈൻ നന്നാക്കാൻ താമസം നേരിട്ടു എന്ന് 5.2.1979-ൽ പത്രവാർത്തയുണ്ടായിരുന്നു. എന്നാൽ അതു സംബന്ധിച്ച് പേരൂർക്കട പോലീസ് സ്റ്റേഷനിലോ, അടുത്തുള്ള പോലീസ് എയിഡ്പോസ്റ്റിലോ മറ്റു പോലീസ് അധികാരികൾക്കോ യാതൊരു പരാതിയും ലഭിക്കുകയുണ്ടായില്ല.

(ഡി) സ്വീകരിച്ചിട്ടുണ്ട്.

നക്സലൈറ്റ് പോസ്റ്റുകൾ

644 [934] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരിയിൽ പല ഭാഗത്തും ഈ അടുത്ത കാലത്തായി നക്സലൈറ്റ് പോസ്റ്റുകൾ പ്രത്യക്ഷപ്പെട്ടിരിക്കുന്നത് ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ എന്തായിരുന്നെന്നും എവിടെയായിരുന്നെന്നും വ്യക്തമാക്കാമോ;

(സി) അതിൻമേൽ ഗവൺമെൻറിന്റെ പ്രതികരണം എന്ത്?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത നക്സലൈറ്റ് പോസ്റ്റുകളും അധികവും 19.2.1970-ൽ പോലീസുമായി ഉണ്ടായ ഏറ്റുമുട്ടലിൽ മരണപ്പെട്ട നക്സലൈറ്റ് നേതാവ് വർഗ്ഗീസിന്റെ ചരമവാർഷികം അനുസ്മരിപ്പിക്കുന്നതായിരുന്നു. തിരുവനന്തപുരം നഗരത്തിൽ വി. ജെ. റ്റി. ഹാൾ, യൂണിവേഴ്സിറ്റി ലൈബ്രറി, എം. എൽ. എ. ഹോസ്റ്റൽ, യൂണിവേഴ്സിറ്റി സെനറ്റ് ഹൗസ്, എ. ജി'സ്. ആഫീസ്, പാളയം ബസ്സ്റ്റാൻറ്, ഗവൺമെൻറ് പ്രസ് ജങ്ഷൻ, പേട്ട, ചാക്ക തുടങ്ങിയ സ്ഥലങ്ങളിലെ ചുവരുകളിൽ നക്സലൈറ്റ് പോസ്റ്റുകൾ പ്രദർശിപ്പിച്ചിരിക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(സി) നക്സലൈറ്റുകളുടെ പ്രവർത്തനം സസൂക്ഷ്മം ശ്രദ്ധിക്കേണ്ടതാണെന്നു ഗവൺമെൻറ് കരുതുന്നുണ്ട്.

ആർ. എസ്. എസ്. ന്റെ ആയുധപരിശീലനം

645 [936] ശ്രീ. ഈപ്പൻ കണ്ടക്കുടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly